**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2643** **06.12.2018 -ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര വികസനം**

ചോദ്യം

ശ്രീ.പി. ഉണ്ണി :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ മലമ്പുഴ ഡാം, നെല്ലിയാമ്പതി എന്നീ പ്രദേശങ്ങളിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | എ) | മലമ്പുഴ ഡാം ഗ്രീൻകാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ ഗാർഡന്റെ നവീകരിണ പ്രവർത്തികൾക്ക് 99,64,965/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയുടെ ഭാഗമായി മലമ്പുഴ ഗാർഡൻ ഭിന്നശേഷി സൗഹൃദമുണ്ടാക്കുന്നതിന് 84,00,000/- രൂപയും, മലമ്പുഴ റോക്ക് ഗാർഡൻ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 8,36,000/- രൂപയും അനുവദിച്ചു . പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. |
| ബി) | ടൂറിസം വകുപ്പിന്റെ അധീനതയിലും പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുമുള്ള ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു അതിനായി എന്ത് തുക അനുവദിച്ചു വിശദാംശം നൽകുമോ? | ബി) | ബാരിയർ ഫ്രീ ടൂറിസം പദ്ധതിയുടെ ഭാഗമായി ബാപ്പുജി ചിൽഡ്രൻസ് പാർക്ക് ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വേണ്ടി 8 ലക്ഷം രൂപ അനുവദിച്ചു പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

2.